# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

തസ്തികമാറ്റം വഴി വാച്ചർ തസ്തികയിലേയ്ക്കുള്ള ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നത് - സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.8854/13/എസ്റ്റ/മിസ്.എ

തീയതി:24/09/2024

സൂചന:- 1) ഈ ആഫീസിലെ 02/07/2024 ലെ മേൽ നമ്പർ ഉത്തരവ്
2) കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിലെ 12/8/2024 ലെ 2817-ാം നമ്പർ റിപ്പോർട്ട്
3) കൊല്ലം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറാഫീസിലെ 24/08/2024 ലെ 1331-ാം നമ്പർ റിപ്പോർട്ട്

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ ജോലി നോക്കി വരുന്ന ക്ഷേത്രജീവനക്കാരിൽ നിന്നും 40 പേർക്ക് വാച്ചർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകി സൂചന (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി തസ്തികമാറ്റത്തിൽ നിന്നും ഒഴിവാക്കണമെന്നും, നിലവിലുള്ള തസ്തികയിൽ തുടരാൻ അനുവദിക്കണമെന്നും കാണിച്ച് വിവിധ ഗ്രൂപ്പുകളിൽ നിന്നും 3 ക്ഷേത്രജീവനക്കാരുടെ അപേക്ഷ സഹിതമുള്ള റിപ്പോർട്ട് ലഭിച്ചു.

ടി റിപ്പോർട്ടുകൾ പരിഗണിച്ച്, കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട ഗ്രേഡ്-2 കുര ദേവസ്വം പഞ്ചവാദ്യം, ശ്രീ.അജികുമാർ.വി.കെ, കൊല്ലം ഗ്രൂപ്പിൽപ്പെട്ട മാർത്താണ്ഡപുരം ദേവസ്വം പഞ്ചവാദ്യം ശ്രീ.അനിൽകുമാർ.എസ് എന്നിവർക്ക് വാച്ചർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകിയ ഉത്തരവ് റദ്ദ് ചെയ്ത് ടിയാന്മാരെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയും, പകരം ടി ഒഴിവിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ചുവടെ വിവരിക്കുന്ന അടുത്ത 2 സീനിയർ ജീവനക്കാർക്ക് വാച്ചർ ലാവണത്തിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ചും ഉത്തരവാകുന്നു.

| ക്രമ നം | പേര്, നിലവിൽ ജോലി നോക്കി വരുന്ന സ്ഥലം | തസ്തികമാറ്റം അനുവദിക്കേണ്ട ഗ്രൂപ്പ് |
|---|---|---|
| 1 | ശ്രീ.വിനോദ് കുമാർ.കെ.കെ<br>പഞ്ചവാദ്യം, അറുകാലിക്കൽ ദേവസ്വം<br>കൊട്ടാരക്കര ഗ്രൂപ്പ് | കൊട്ടാരക്കര |
| 2 | ശ്രീ.അനൂപ്.സി.ആർ<br>സംബന്ധി, ഗ്രേഡ്-1 ശാസ്ത ദേവസ്വം<br>കോട്ടയം ഗ്രൂപ്പ് | കോട്ടയം |

വാച്ചർ തസ്തികയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷ കാലയളവിൽ 2 വർഷം പ്രൊബേഷൻ ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:- 1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര, കോട്ടയം
3) ഐ.റ്റി.ഡിവിഷൻ
4) സെക്ഷൻ ഫയൽ